


# മഞ്ചപ്പട്ടിത്താഴ്‌വരയുടെ മഴനിഴൽ പ്രകൃതിയിൽ

വെള്ളക്കാട്ടുപോത്തിനെ തേടിയുള്ള അനന്യമായ ഒരു വനയാത്ര.

എൻ.എ. നസീർ

നാട്ടിൽ നിങ്ങൾ ഒരു ഫോട്ടോഗ്രാഫറാണെങ്കിൽ നിങ്ങളുടെ ഇഷ്ടപ്രകാരം മോഡലിനെ നിയന്ത്രിക്കാം, പ്രകാശവും ആംഗിളുകളും ചിട്ടപ്പെടുത്താം, ക്യാമറ എവിടെ വയ്ക്കണമെന്നും എപ്പോൾ പ്രവർത്തിപ്പിക്കണമെന്നുമൊക്കെ തീരുമാനിക്കാനും നിയന്ത്രിക്കുവാനും നിങ്ങൾക്കാകും. പക്ഷെ, ക്യാമറുമായി നിങ്ങൾ കാട്ടിലാണെങ്കിൽ കാടായിരിക്കും നിങ്ങളെ നിയന്ത്രിക്കുക. നിങ്ങൾ എവിടെ നില്ക്കണം എപ്പോൾ ചലിക്കണം ക്യാമറ എപ്പോൾ പ്രവർത്തിപ്പിക്കണം അങ്ങനെ നിങ്ങളുടെ ഓരോ ചലനങ്ങളും ശ്വാസംവരെ കാടായിരിക്കും നിയന്ത്രിക്കുക.

പുഴയിൽ പ്രതിഫലിക്കുന്ന പൂർണ്ണചന്ദ്രനെപ്പോലെ മനോഹരമായൊരു കാഴ്ചവേറെയില്ല. ഞാനാ സുഖാനുഭൂതിയിൽ മുഴുകി, പാമ്പാറിന്റെ തീരത്തെ പാറക്കെട്ടിലിരിക്കുകയായിരുന്നു. പുഴയ്ക്കക്കരെ കാടിന്റെ ഇരുളിൽ ചലിക്കുന്ന പാറക്കെട്ടുകൾപോലെ ആനകൾ ചിന്നാറിലെ മുൾക്കാടുകളുടെ അത്യുഷ്ണത്തിൽനിന്ന് ജലത്തിന്റെ കുളിരുതേടിയുള്ള വരവാണ്.

രണ്ടുവർഷംമുമ്പ് പാമ്പാറിന്റെ കുളിരുതേടി ഇതുപോലൊരു വരവുവന്നത് ഓർമ്മയിൽ മായാതെ നില്പുണ്ട്. സുഹൃത്തുക്കളായ മീരയും ജലീലുമൊത്ത് ചിന്നാറിലെ വരണ്ട കാടുകളിൽ വെള്ളപ്പോത്തിനെത്തേടി അലഞ്ഞ ദിവസങ്ങളിലൊന്നായിരുന്നു അത്. മഴനിഴൽ പ്രദേശമാണ് ചിന്നാർ കാടുകൾ. മഴ ഇവിടെ അപൂർവ്വം. പെയ്യുമ്പോഴാകട്ടെ അത് പിശുക്കന്റെ ദാനം പോലെ അല്പവുമാണ്. ഓരോ തുള്ളി ജലവും അമൂല്യമാണെന്ന പാഠത്തിലാണ് പതിനഞ്ച് ദിവസങ്ങൾ ഞങ്ങളിവിടെ കഴിഞ്ഞത്. 2004 ജൂലൈ മാസത്തിലായിരുന്നു അത്. കേരളം മുഴുവൻ കനത്തമഴയിൽ മുങ്ങിക്കിടക്കുമ്പോൾ ഇവിടെ ഒരു തുള്ളി ദാഹജലത്തിനായി ഞങ്ങൾ പ്രാർത്ഥനകളോടെ നിന്നു. എപ്പോഴോ പെയ്ത മഴയിൽ പാറക്കെട്ടുകളിലെ ചെറിയ കുഴികളിൽ കെട്ടിക്കിടന്നിരുന്ന ഇത്തിരി വെള്ളം മാത്രമായിരുന്നു ഞങ്ങൾക്കാശ്രയം. കൂത്താടികളും പുളയ്ക്കുന്ന ചില ജാതി പുഴുക്കളുമൊക്കെയായി പല നിറത്തിൽ കാണപ്പെട്ട ആ കുഴികളായിരുന്നു ഞങ്ങളുടെ ശുദ്ധജല സ്രോതസ്സുകൾ. പകലൊക്കെ മലന്തലപ്പുകളിലും ചെങ്കുത്തായ ചരിവുകളിലും മുൾച്ചെടികൾ നിറഞ്ഞ താഴ്‌വാരങ്ങളിലും വെള്ളക്കാട്ടുപോത്തിനെ തേടി അലഞ്ഞ ഞങ്ങൾ സന്ധ്യയോടെ ക്ഷീണിതരായി ബേസ് ക്യാമ്പിൽ തിരിച്ചെത്തുമ്പോൾ ഇത്തരം കുഴികളിൽ തോർത്തുകൾ മുക്കി ദേഹം തുട



ഫോട്ടോ: എൻ.എ. നസീർ

യ്ക്കും. മുൾച്ചെടികൾ സമ്മാനിച്ച മുറിവുകളിൽ ആ ജലസ്പർശം വല്ലാത്തൊരു നീറ്റൽ പടർത്തും. അതിന്റെ സുഖം പറയുക വയ്യ.

വെള്ളക്കാട്ടുപോത്തിനെ തേടിയുള്ള ഈ രണ്ടാം വരവിൽ എന്റെയൊപ്പം സുഹൃത്ത് സിബിയുമുണ്ട്. മൂന്നാറിന്റെ ഹിസ്റ്റോറിക്കൽ നേച്ചറിസ്റ്റ് എന്ന് സിബിയെ വിളിക്കാം. മൂന്നാറിന്റെ ചരിത്രത്തിൽ അസാമാന്യമായ അവഗാഹമുള്ള ചെറുപ്പക്കാരൻ. മൂന്നാറിൽ തേയിലത്തോട്ടങ്ങൾ നിർമ്മിച്ച വെള്ളക്കാർ അറുപതോളം കിലോമീറ്ററകലെ മഞ്ചപ്പെട്ടി താഴ്‌വരയിൽ നടത്തിയ നായാട്ടു സാഹസങ്ങളൊക്കെ നേരിൽക്കണ്ട പോലെ സിബി വിശദീകരിക്കും.

മൂന്നാറിന്റെ ചരിത്രത്തിൽ വെള്ളക്കാട്ടുപോത്തുകൾക്ക് വലിയ സ്ഥാനമുണ്ട്. 1923ൽ റാണിക്കാർ എന്ന വെള്ളക്കാരനിൽ നിന്നാണ് വെള്ളപ്പോത്തുകളുടെ ചരിത്രം ആരംഭിക്കുന്നുത്. പ്ലാന്ററായിരുന്ന അദ്ദേഹം സാഹസികനായ മലകയറ്റക്കാരനും നായാട്ടുകാരനുമായിരുന്നു. റാണിക്കാർ ഒരിക്കൽ മഞ്ചപ്പെട്ടി താഴ്‌വരയിൽ സഞ്ചരിക്കുമ്പോൾ ഒരു കൂട്ടം കാട്ടുപോത്തുകളെ കണ്ടു. എണ്ണിയപ്പോൾ മുപ്പത്തിയഞ്ചെണ്ണം. അദ്ഭുതകരമായ സംഗതി അതിൽ പതിനഞ്ചെണ്ണം വെള്ളനിറത്തിലായിരുന്നു. മൂന്നാറിൽ തിരിച്ചെത്തിയ റാണിക്കാർ അദ്ഭുതവാർത്ത സുഹൃത്തുക്കളെ അറിയിച്ചു. ആരും വിശ്വസിച്ചില്ല. മഞ്ചപ്പെട്ടി താഴ്‌വരയിലേക്കിറങ്ങിച്ചെന്ന് അദ്ഭുതം ബോധ്യപ്പെടാൻ അവരാരും തുനിഞ്ഞുമില്ല. മഞ്ചപ്പെട്ടിയിലേക്കുള്ള യാത്ര അക്കാലത്ത് റാണിക്കാറേപ്പോലുള്ളവർക്കു സാധിക്കുന്ന അതിസാഹസികതയായിരുന്നല്ലൊ.

റാണിക്കാർ ഒരു വട്ടം കൂടി മഞ്ചപ്പട്ടി താഴ്‌വരയിലേക്ക് സാഹസത്തിനു പോയി. തിരിച്ചുവന്നത് ഒരു വെള്ളക്കാട്ടുപോത്തിന്റെ വെട്ടിയെടുത്ത തലയുമായാണ്. അവിശ്വാസികളുടെ മുന്നിൽ അതായിരുന്നു അദ്ദേഹത്തിനു വയ്ക്കുവാനുണ്ടായിരുന്ന തെളിവ് . 1929ൽ ടീ പ്ലാന്ററും നാചറലിസ്റ്റുമായ കിം വില്യംസ്



ഫോട്ടോ: എൻ.എ. നസീർ

വെള്ളപ്പോത്തിനെ കണ്ടതായി ബോംബെ നാചറൽ ഹിസ്റ്ററി സൊസൈറ്റി (B N H S)യിൽ റിപ്പോർട്ട് ചെയ്തതോടെ അതിന്റെ ചരിത്രത്തിന് പിന്നേയും അനക്കം വച്ചു. മഞ്ചപ്പെട്ടി താഴ്‌വരയിലെ ആദിവാസി സമൂഹമായ 'ഹിൽ പുലയാസ്' 'പാമ്പുദൊരൈ' എന്ന് ആദരവോടെ സംബോധന ചെയ്തിരുന്ന അംഗസ്സ് ഹട്ടൻ എന്ന സ്ക്കോട്ടിഷുകാരൻ 1951-ൽ വെള്ളക്കാട്ടുപോത്തിനെ മൂവി ക്യാമറയിൽ പകർത്തി. (ഇദ്ദേഹത്തിന്റെതായി ഒട്ടനവധി പഠന റിപ്പോർട്ടുകൾ വന്നിട്ടുണ്ട്) 1970-ൽ ബി. എൻ. എച്ച് എസിന്റെ സഹകരണത്തോടെ പ്രശസ്തനായ വന്യജീവി വിശാരദനും ഫോട്ടോഗ്രാഫറുമായ ഇ. ആർ. സി. ധാവിദാർ ഇവയെത്തേടി മഞ്ചപ്പെട്ടിയിൽ എത്തിയെങ്കിലും കണ്ടെത്താനായില്ല.

(തുടരും)